പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2616 18.06.2018- ൽ മറുപടിക്ക്

**ആലപ്പുഴ -ചങ്ങനാശ്ശേരി- വാഴൂർ ദേശീയപാത നിർമ്മാണ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.എഫ്. തോമസ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആലപ്പുഴയിൽ നിന്നും ചങ്ങനാശ്ശേരി വഴി വാഴൂർ വരെ ദേശീയപാത നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ & ബി | ആലപ്പുഴയിൽ നിന്ന് ചങ്ങനാശ്ശേരി വഴി വാഴൂർ റോഡിലെത്തുന്ന റോഡ് കേന്ദ്ര സർക്കാർ തത്വത്തിൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനത്തിനും പേവ്ഡ് ഷോൾഡറോട്ടു കൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമായി KITCO Ltd. എന്ന Consultancy സ്ഥാപനത്തെ എൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടത്തിയ പഠനപ്രകാരമുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ അംഗീകാരത്തിനും പ്രസ്തുത റോഡ് ദേശീയപാതയായി പ്രഖ്യാപിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും സമർപ്പിച്ചിരിക്കുകയാണ്. |
| ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ